(ബി) താൽക്കാലിക പാലവും റോഡും നിർമ്മിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുതയിനത്തിൽ ആകെ എത്ര രൂപ ചെലവായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നൂറാടിപ്പാലം തകർന്നതിനെ തുടർന്ന് ചെറിയ വാഹനങ്ങൾക്ക് കടന്നുപോകുവാൻ ഡൈവേർഷൻ റോഡ് നിർമ്മിച്ചു. മഴക്കാലത്ത് പുഴ നിറഞ്ഞ് ഡൈവേർഷൻ റോഡ് തകർന്നപ്പോൾ കാൽനട യാത്രക്കാർക്കുവേണ്ടി തൂക്കുപാലം നിർമ്മിച്ചു. വലിയ വാഹനങ്ങൾ പാണക്കാടുവഴി ഒതുക്കങ്ങലിലേക്ക് പോകുവാൻ സൗകര്യമുണ്ടാക്കി. പുതിയ പാലം പണി കഴിഞ്ഞതിനാൽ ഇപ്പോൾ പുതിയ പാലത്തിൽകൂടി വാഹനഗതാഗതം ഉണ്ട്.

(ബി) ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷൻ പ്രകാരമാണ് ഈ പ്രവൃത്തി ചെയ്തത്.

(സി) 68.32 ലക്ഷം രൂപ.

മാനന്തവാടി പാലത്തിനു സമീപമുള്ള പൊതുമരാമത്ത് വകുപ്പുവക സ്ഥലം കൈയേറ്റം

164 [2235] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മാനന്തവാടി പാലത്തിന് സമീപമുള്ള പൊതുമരാമത്ത് വകുപ്പിന്റെ വക സ്ഥലം സ്വകാര്യ വ്യക്തി കൈയേറിയതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പരാതി ലഭിച്ചിട്ട് എത്ര കാലമായി എന്നും ഇതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികളെക്കുറിച്ചും വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പ് മുഖേനയോ മറ്റേതെങ്കിലും വകുപ്പ് മുഖേനയോ ആർക്കെങ്കിലും ലീസിന് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്ക് എത്ര കാലത്തേക്ക് കൊടുത്തുവെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ലഭിച്ചത് 5-5-2000-ൽ. കൈയേറിയ സ്ഥലത്ത് സ്റ്റോക്ക് ചെയ്തിട്ടുള്ള സൈമൺ സെന്റ് ജോസഫ് വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ തടികൾ നീക്കം ചെയ്യാൻ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ഈ നോട്ടീസിനെതിരെ പ്രസ്തുത സ്ഥാപനം WPC 16421/2004 പ്രകാരം കോടതിയിൽ Writ ഫയൽ ചെയ്തിട്ടുണ്ട്. Writ തീരുമാനം ആയിട്ടില്ല.

(സി) കൈയേറിയ സ്ഥലത്തിന്റെ ഒരു ഭാഗം സൈമൺ സെന്റ് ജോസഫ് വുഡ് ഇൻഡസ്ട്രീസിന് റവന്യൂ വകുപ്പ് (തഹസീൽദാർ) പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ഡി) പാട്ടത്തിന്റെ കാലാവധി ഒരു വർഷമായിരുന്നു.

തിരുവനന്തപുരം-നെയ്യാറ്റിൻകര താലൂക്കുകളെ ബന്ധിപ്പിക്കുന്ന കുലശേഖരം പാലത്തിന്റെ നിർമ്മാണം

165 [2236] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-നെയ്യാറ്റിൻകര താലൂക്കുകളെ ബന്ധിപ്പിക്കുന്ന കുലശേഖരം പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഈ പാലം നിർമ്മാണത്തിന്റെ മതിപ്പ് ചെലവ് എത്രയാണെന്ന് വിശദമാക്കാമോ;

(സി) പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്നാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പാലം നിർമ്മാണത്തിന്റെ ടെണ്ടർ വിളിക്കാനുള്ള നടപടികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ നടപ്പിലാക്കുമോ?

ഉത്തരം

(എ) പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 300 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly